"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ. വകുപ്പ് - വെസ്റ്റ് കോസ്റ്റ് കനാൽ വികസനം - വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ്- ഒന്നാം ഘട്ടം - L1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വോട്ട് ചെയ്ത തുകയ്ക്ക് - ടെൻഡർ സ്വീകരിക്കുന്നതിന് കിൽ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ)**
**വകുപ്പ്**

സ.ഉ.(കൈ) നം.3/2024/CSIND തീയതി,തിരുവനന്തപുരം, 02-08-2024

---

പരാമർശം:-
1. സ.ഉ. (കൈ) നം.02/2023/സി.എസ്.ഐ.എൻ.ഡി., തീയതി. 09/02/2023.
2. കിഫ്ബി നടപടി ക്രമം നം.CIN 002-08/APR-6/2023/KIIFB, തീയതി. 18/10/2023.
3. ചീഫ് എഞ്ചിനീയർ, കിൽ-ന്റെ 26/10/2023 തീയതിയിലെ CE/KWIL/70/2023 നമ്പർ നടപടിക്രമം.
4. ചീഫ് എഞ്ചിനീയർ, കിൽ സമർപ്പിച്ച 02 / 02 / 2024 തീയതിയിലെ KWIL/CSIND/215 നമ്പർ കത്ത്.

**ഉത്തരവ്**

വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ്- ഒന്നാം ഘട്ടം എന്ന ഏകദേശം 19.10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രവൃത്തി കിഫ്ബി ധനസഹായത്തോടെ ഉൾനാടൻ ജലഗതാഗത വകുപ്പിന് കീഴിലുള്ള ജലപാത വികസന പ്രവൃത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (കിൽ) മുഖേന നടപ്പാക്കുന്നതിന് പരാമർശം (1) പ്രകാരം തത്വത്തിലുള്ള അനുമതി നല്കി ഉത്തരവായിരുന്നു. മേൽ പ്രവൃത്തിക്കായി **24,98,37,159/-** രൂപയുടെ ധനാനുമതി പരാമർശം (2) ഉത്തരവ് പ്രകാരം കിഫ്ബി ലഭ്യമാക്കിയിട്ടുള്ളതും **24,98,37,159/-** രൂപയുടെ (GST ഉൾപ്പെടെ) സാങ്കേതികാനുമതി കിൽ, ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം നൽകിയിട്ടുള്ളതുമാണ്.

**2.** മേൽ പ്രവൃത്തി 23/01/2024-ന് കിൽ ടെൻഡർ ചെയ്തപ്പോൾ സാധുവായ **3** ടെണ്ടറുകൾ ലഭിക്കുകയുണ്ടായി എന്നും ഇതിൽ L1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി രേഖപ്പെടുത്തിയ തുക Rs 24,70,26,796.19/- ആണെന്നും ആയത് PAC-യേക്കാൾ 16.81% കൂടുതലും LMR-നേക്കാൾ 3.01% താഴെയുമാണെന്നും, മേൽ ടെണ്ടറിന് അംഗീകാരം നൽ കാവുന്നതാണെന്നും മാനേജിംഗ് ഡയറക്ടർ, കിൽ പരാമർശം ( 4 ) കത്ത് പ്രകാരം അറിയിക്കുകയുണ്ടായി.

3. L 1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി PAC-യേക്കാൾ 16.81% കൂടുതലും LMR-നേക്കാൾ 3.01 % താഴെയുമാണ് ക്വോട്ട് ചെയ്തിട്ടുള്ളതെന്നും ടെൻഡർ എക്സസ്സ് 10 ശതമാനത്തിൽ താഴെയായി കുറയ്ക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് നടത്തിയ ചർച്ചയിൽ സൈറ്റിൽ ജോലി നിർവഹിക്കുന്നതിനുള്ള അപകടസാധ്യതാ ഘടകങ്ങൾ, സുരക്ഷാ നടപടികൾ, വെല്ലുവിളികൾ, കാലാവസ്ഥാ ഘടകങ്ങൾ എന്നിവ പരിഗണിച്ച് ഓരോ ഇനത്തിനും സാധ്യമായ ഏറ്റവും കുറഞ്ഞ നിരക്കുകളാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിട്ടുള്ളത് എന്നും ക്വോട്ട് ചെയ്ത തുക കുറയ്ക്കാൻ സാധിക്കില്ലെന്നും ULCCS ലി. അറിയിച്ചിരുന്നതായും പദ്ധതിയുടെ പ്രധാന ഭാഗമായ കരസംരക്ഷണ പ്രവൃത്തികൾ ചെങ്കുത്തായ ഭൂപ്രദേശങ്ങളിലാണ് നടത്തേണ്ടതെന്നതിനാൽ തൊഴിലാളികളുടെ സുരക്ഷയ്ക്കായി ആവശ്യമായ സുരക്ഷാനടപടികൾ സൈറ്റിൽ ആവശ്യമാണെന്നും പ്രവൃത്തികളുടെ നടത്തിപ്പ് അടുത്ത മൺസൂൺ കാലത്തേക്ക് നീളുന്നത് കരാറുകാരന് അപ്രതീക്ഷിത ചെലവുകൾക്ക് കാരണമായേക്കാം എന്നതിനാലും പ്രവൃത്തിയുടെ അടിയന്തര സാഹചര്യം പരിഗണിച്ച്, ULCCSലി. ക്വോട്ട് ചെയ്ത PAC-യേക്കാൾ 16.81% കൂടുതലുള്ള (LMR-ന് 3.01% താഴെയും) നിരക്കിൽ ടെണ്ടറിന് അംഗീകാരം നൽ കാവുന്നതാണെന്നും U L C C S ലിമിറ്റഡിന് പ്രവൃത്തി അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും മാനേജിംഗ് ഡയറക്ടർ, കിൽ പരാമർശം ( 4 ) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**4,**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ്- ഒന്നാം ഘട്ടം എന്ന പ്രവൃത്തിയ്ക്കായി ലഭ്യമായ ടെണ്ടറുകളിൽ L 1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വോട്ട് ചെയ്ത PAC യെക്കാൾ 16.81% അധികരിച്ചതും എന്നാൽ LMR നെക്കാൾ 3.01% കുറവ് തുകയായ 24,70,26,796.19/- രൂപയും **18% ജി.എസ്.ടി.** ഉൾപ്പടെ 29,14,91,619/- രൂപയ്ക്ക് ടെൻഡർ സ്വീകരിക്കുന്നതിന് കിൽ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അശോക് കുമാർ സിംഗ് ഐ എ എസ്

പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം, കൊല്ലം.
മാനേജിംഗ് ഡയറക്ടർ/ ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്, X1/318 E, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ബിൽഡിംഗ്സ്, കൊച്ചി എയർപോർട്ട് പി.ഒ. കേരളം - 683 111.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (CEO) , കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ബോർഡ് (KIIFB) , സ്റ്റാറ്റ്യൂ തിരുവനന്തപുരം - 695001.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരള , തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് ( 31/07/2024- ലെ ഇനം.നം. 2314)
ധനകാര്യ (I & PW-B) വകുപ്പ് ( I & PW- B3/109/2024-FIN, തീയതി 30/05/2024)
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/14/2024/സി.എസ്.ഐ.എൻ.ഡി.).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 02-08-2024 13:13:30

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

സി.എസ്.ഐ.എൻ. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

സി.എസ്.ഐ.എൻ. വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 31-07-2024**

ഫയൽ നം. എ2/14/2024/സി.എസ്.ഐ.എൻ.ഡി. ഇനം നം: 2314

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് - വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപ്പാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാത നിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ് - ഒന്നാം ഘട്ടം എന്ന പ്രവൃത്തിയ്ക്കായി ലഭ്യമായ ടെണ്ടറുകളിൽ L1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വോട്ട് ചെയ്ത PAC-യെക്കാൾ 16.81% അധികരിച്ച തുകയായ 24,70,26,796.19/- രൂപയും 18% ജി.എസ്.ടി. ഉൾപ്പെടെ 29,14,91,619/- രൂപയ്ക്ക് ടെണ്ടർ സ്വീകരിക്കുന്നതിന് ക്വിൽ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഇക്കാര്യത്തിൽ ഭരണ വകുപ്പിന് നടപടി സ്വീകരിക്കാമായിരുന്നു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്.

31/7/2024

US(CSIND)
31/7/24

2314

**കേരള സർക്കാർ**

**[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 2/14/2024/സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ് |
| 3 | വിഷയം | : | വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ്-ഒന്നാം ഘട്ടം എന്ന പ്രവൃത്തിയ്ക്കായി ലഭ്യമായ ടെണ്ടറുകളിൽ L1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വോട്ട് ചെയ്ത PAC യെക്കാൾ 16.81% അധികരിച്ച തുകയായ 24,70,26,796.19/- രൂപയും 18% ജി.എസ്.ടി. ഉൾപ്പെടെ 29,14,91,619/- രൂപയ്ക്ക് ടെൻഡർ സ്വീകരിക്കുന്നതിന് കിഫ്ബി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 28/04/2024 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്, ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജി കുമാർ ജെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. അശോക് കുമാർ സിംഗ് |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 22/07/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. വേണു വി. |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25/07/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 29/07/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 30/07/2024 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1) വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ്- ഒന്നാം ഘട്ടം എന്ന പ്രവൃത്തിയ്ക്കായി ലഭ്യമായ ടെണ്ടറുകളിൽ L1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വോട്ട് ചെയ്ത PAC യെക്കാൾ 16.81% അധികരിച്ച തുകയായ 24,70,26,796.19/- (18% ജി.എസ്.ടി ഉൾപ്പടെ 29,14,91,619/-) രൂപയ്ക്ക് ടെൻഡർ സ്വീകരിക്കുന്നതിന് ക്വിൽ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ്- ഒന്നാം ഘട്ടം എന്ന ഏകദേശം 19.10 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രവൃത്തി കിഫ്ബി ധനസഹായത്തോടെ ഉൾനാടൻ ജലഗതാഗത വകുപ്പിന് കീഴിലുള്ള ജലപാത വികസന പ്രവൃത്തികളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ) മുഖേന നടപ്പാക്കുന്നതിന് 09/02/2023-ലെ സ.ഉ.(കൈ)നം.02/2023/ സി.എസ്.ഐ.എൻ.ഡി. ഉത്തരവിൻ പ്രകാരം തത്വത്തിലുള്ള അനുമതി നല്കിയിരുന്നു. തുടർന്ന് ക്വിൽ കിഫ്ബിക്ക് സമർപ്പിച്ച വിശദമായ പദ്ധതി രേഖ(DPR)യുടെ അടിസ്ഥാനത്തിൽ പ്രവൃത്തിക്കായി 24,98,37,159/- രൂപയുടെ ധനാനുമതി നല്കി കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ 18/10/2023 ലെ CIN002-08/APR-6/2023/KIIFB നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നതുമാണ്.

3) ക്വിൽ ചീഫ് എഞ്ചിനീയറുടെ 26/10/2023-ലെ CE/KWIL/70/2023-ലെ ഉത്തരവിൻ പ്രകാരം മേൽ പ്രവൃത്തിക്കായി 24,98,37,159/- രൂപയുടെ (GST ഉൾപ്പെടെ) സാങ്കേതികാനുമതി നല്കിയിട്ടുണ്ട്. പ്രവൃത്തി 23/01/2024-ന് ക്വിൽ ടെൻഡർ ചെയ്തപ്പോൾ സാധുവായ 3 ടെണ്ടറുകൾ ലഭിക്കുകയുണ്ടായി. ഓരോ ബിഡ്ഡറും ക്വോട്ട് ചെയ്ത തുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലി. | 24,70,26,796.19/- രൂപ |
| 2 | ശ്രീ ധന്യ കൺസ്ട്രക്ഷൻ കമ്പനി | 25,23,97,682.92/- രൂപ |
| 3 | റേ എഞ്ചിനീയറിംഗ് ലിമിറ്റഡ് | 26, 27, 81, 118. 49/- രൂപ |

ഇതിൽ L1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി PAC- യേക്കാൾ 16.81% കൂടുതലും LMR-നേക്കാൾ 3.01% താഴെയുമാണ് ക്വോട്ട് ചെയ്തിട്ടുള്ളതെന്ന് കിഫ്ബി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ടെൻഡർ എക്സസ് 10 ശതമാനത്തിൽ താഴെയായി കുറയ്ക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. സൈറ്റിൽ ജോലി നിർവഹിക്കുന്നതിനുള്ള അപകടസാധ്യതാ ഘടകങ്ങൾ, സുരക്ഷാ നടപടികൾ, വെല്ലുവിളികൾ, കാലാവസ്ഥാ ഘടകങ്ങൾ എന്നിവ പരിഗണിച്ച്, ഓരോ ഇനത്തിനും സാധ്യമായ ഏറ്റവും കുറഞ്ഞ നിരക്കുകളാണ് ടെണ്ടറിൽ രേഖപ്പെടുത്തിയത് എന്നും ക്വോട്ട് ചെയ്ത തുക കുറയ്ക്കാൻ സാധിക്കില്ലെന്നും ULCCS ലി. അറിയിച്ചു. പദ്ധതിയുടെ പ്രധാന ഭാഗമായ കരസംരക്ഷണ പ്രവൃത്തികൾ ചെങ്കുത്തായ ഭൂപ്രദേശങ്ങളിലാണ് നടത്തേണ്ടതെന്നതിനാൽ തൊഴിലാളികളുടെ സുരക്ഷയ്ക്കായി ആവശ്യമായ സുരക്ഷാനടപടികൾ സൈറ്റിൽ ആവശ്യമാണെന്നും പ്രവൃത്തികളുടെ നടത്തിപ്പ് അടുത്ത മൺസൂൺ കാലത്തേക്ക് നീളുന്നത് കരാറുകാരന് അപ്രതീക്ഷിത ചെലവുകൾക്ക് കാരണമായേക്കാം എന്നതിനാലും പ്രവൃത്തിയുടെ അടിയന്തര സാഹചര്യം പരിഗണിച്ച്, ULCCS ലി. ക്വോട്ട് ചെയ്ത PAC-യേക്കാൾ 16.81% കൂടുതലുള്ള (LMR-ന് 3.01% താഴെയും) നിരക്കിൽ ടെണ്ടറിന് അംഗീകാരം നൽകാവുന്നതാണെന്നും ULCCS ലിമിറ്റഡിന് പ്രവൃത്തി അനുവദിക്കുന്നതിന് അനുമതി നൽകണമെന്നും മാനേജിംഗ് ഡയറക്ടർ, കിഫ്ബി അഭ്യർത്ഥിച്ചിരുന്നു.

4) <u>L1 ബിഡ്ഡർ ക്വോട്ട് ചെയ്ത തുകയുടെ താരതമ്യപട്ടിക</u>

L1 ബിഡ്ഡർ ക്വോട്ട് ചെയ്ത തുക (excluding GST) - Rs 24,70,26,796.19/-

| T.S Amount including GST (Rs.) | T.S Amount excluding GST (Rs.) | Tendered PAC excluding GST (Rs.) | Estimate as per LMR excluding GST (Rs.) | DSR rate + 10% excluding GST (Rs.) | Comparison of quoted rate of LI Bidder and LMR amount | Comparison of quoted amount of LI Bidder and Estimate PAC |
|---|---|---|---|---|---|---|
| 24,98,37,159 | 21,17,26,405.91 | 21,14,76,482.71 | 25,46,99,090.28 | 22,97,85,688.42 | Quoted rate of LI Bidder is 3.01 % below the LMR amount | Quoted rate of LI Bidder is 16.81% above the estimated rate |

5) ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ താഴെപ്പറയും പ്രകാരം അറിയിക്കുകയുണ്ടായി :

" ULCCS ക്വോട്ട് ചെയ്ത തുക PAC യേക്കാൾ 16.81% കൂടുതലും LMR നേക്കാൾ 3.01% താഴെയും ആണ് എന്ന് കാണുന്നതിനാൽ ULCCS ലിമിറ്റഡിന് പ്രവൃത്തി നല്കുന്നതിന് G.O.(Ms.)No. 69/2018/Fin dated 24.02.2018, 7.2.4 clause പ്രകാരം ഭരണവകുപ്പിന് തീരുമാനിക്കാവുന്നതാണെന്ന് അറിയിക്കുന്നു. "

6) ധനകാര്യ വകുപ്പിന്റെ പ്രസ്തുത ഉത്തരവിലെ 7.2.4 വ്യവസ്ഥയിൽ താഴെപ്പറയും പ്രകാരമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

7.2.4 When the lowest tender is within the justifiable amount above, but more than 10% above the corresponding provision available in the Technically Sanctioned estimate the approval for acceptance/rejection/retender shall be given by the Administrative Department based on the specific recommendations of the tender acceptance committee/acceptance authority.

7) വെസ്റ്റ് കോസ്റ്റ് കനാൽ വികസനത്തിന്റെ ഭാഗമായി കിയിൽ മുഖേന നടപ്പാക്കുന്ന കിഫ്ബി ധനസഹായ പദ്ധതികളുടെ ടെണ്ടർ പരിശോധിക്കുന്നതിനായുള്ള ടെണ്ടർ

അക്സപ്റ്റൻസ് കമ്മിറ്റി 02/03/2024-ൽ ചേർന്ന യോഗത്തിൽ ഇക്കാര്യം പരിശോധിക്കുകയും 21,14,76,482.71/- രൂപ PAC/സാങ്കേതികാനുമതി തുക ആയ പ്രവൃത്തിക്കുവേണ്ടി L1 ബിഡർ സമർപ്പിച്ച സാങ്കേതികാനുമതി തുകയേക്കാൾ 16.81% കൂടുതലും LMR നേക്കാൾ 3.01 താഴെയും ആയ 24,70,26,796.19/- രൂപയുടെ ടെണ്ടർ അനുവദിക്കുന്നതിന് ശിപാർശ ചെയ്യുകയുമുണ്ടായി.

8) പ്രസ്തുത ടെൻഡർ സ്വീകരിക്കുന്നതിന് കിൽ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നല്കാമോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിരുന്നു. അതിൻ പ്രകാരം മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ സ്വ.ഉ(കൈ) നം. 2/2023/സി.എസ്.ഐ.എൻ.ഡി, 9/2/2023 പ്രകാരം 19.10 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകിയ പ്രവൃത്തിയുടെ ഭരണാനുമതി തുകയേക്കാൾ കൂടിയ നിരക്കിലാണ് ഇപ്പോൾ കരാർ അനുവദിക്കേണ്ടി വരുന്നതെന്നും അതിനാൽ ഭരണാനുമതി പുതുക്കേണ്ട കാര്യമുണ്ടോ എന്നു കൂടി ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിക്കേണ്ടതുണ്ടെന്ന് ചീഫ് സെക്രട്ടറി അഭിപ്രായപ്പെടുകയും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായസഹിതം രണ്ടാഴ്ചയ്ക്കകം മന്ത്രിസഭയുടെ പരിഗണയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തിരുന്നു.

9) അതിൻ പ്രകാരം ധനകാര്യ വകുപ്പ് നൽകിയിട്ടുള്ള അഭിപ്രായം ചുവടെ ചേർക്കുന്നു

" It is seen that only an **in principle sanction** was accorded for the project. Since the tendered amount is more than AS, revised AS has to be accorded based on detailed estimate.

As per G.O (P) No. 16/2017/Fin dated 06/02/2017 issued as per the decision of Council of Ministers, maximum admissible contract PAC will be least of quoted amount of L1, estimate amount based on LMR and estimate amount based on DSR 2018 + 10% tolerance limit i.e. Rs.22,97,85,688/-, in this case **Hence Administrative Department/Chief Engineer is requested to rework**

**the estimate based on the site conditions and retender the work**

**Alternatively**

In case Administrative Department feels that there wont be a **better response even after recall the tenders after reworking the estimate, Administrative Department is advised that the tender acceptance proposal may be placed before the Council of Ministers** for approval of the quoted amount of ULCCS (L1) plus GST @ 18% at Rs.29,14,91,619/-

This has the approval of Competent Authority "

10) ധനകാര്യ വകുപ്പ് മേൽ പറഞ്ഞ പ്രകാരം രണ്ട് നിർദ്ദേശങ്ങൾ മുന്നോട്ട് വച്ച സാഹചര്യത്തിൽ ധനകാര്യ വകുപ്പിന്റെ രണ്ടാമത്തെ അഭിപ്രായം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു. അതിൻപ്രകാരം മന്ത്രിസഭായോഗത്തിനായുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരം ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടിരുന്നു:

" വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ് - ഒന്നാം ഘട്ടം എന്ന പ്രവൃത്തിയ്ക്കായി ലഭിച്ച കരാറുകളിൽ L1 ക്വാട്ട് ചെയ്ത തുക തത്വത്തിൽ ഭരണാനുമതി നൽകിയ തുകയേക്കാൾ വളരെ കൂടുതലായതിനാലും, ടി പ്രവൃത്തിക്ക് ഒരു പ്രാവശ്യം മാത്രമെ ടെണ്ടർ വിളിച്ചിട്ടുള്ളൂ എന്നതിനാലും, റീ-ടെണ്ടർ ചെയ്താൽ മെച്ചപ്പെട്ട ടെണ്ടർ ലഭിക്കാൻ സാധ്യതയുണ്ടോയെന്ന് പരിശോധിച്ചിട്ടില്ലാത്തതിനാലും നിലവിലുള്ള എസ്റ്റിമേറ്റിൽ തന്നെ ടി പ്രവൃത്തി ഒരിക്കൽ കൂടി ടെണ്ടർ ചെയ്യുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്. "

11) തുടർന്ന് ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരം ഉത്തരവായിരുന്നു.

" ചീഫ് സെക്രട്ടറിയുടെ അഭിപ്രായവും, കിഫ്ബി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം LMR-ന് മുകളിലാണ് L1 റേറ്റ് എങ്കിൽ മാത്രം മന്ത്രിസഭയുടെ അംഗീകാരം ആവശ്യമായി വരുന്നുള്ളൂ എന്ന വസ്തുതയും കൂടി മന്ത്രിസഭാ യോഗ കുറിപ്പിൽ ഉൾപ്പെടുത്തി സമർപ്പിക്കുക."

12) സ.ഉ.(കൈ.) നം. 69/2018/ധന. തീയതി 24/02/2018 പ്രകാരം കിഫ്ബി ധനസഹായത്തോടെ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പാലിക്കപ്പെടേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതിൽ ഖണ്ഡിക 7.2.3 പ്രകാരം കരാറുകാരൻ ക്വാട്ട് ചെയ്ത കുറഞ്ഞ തുക LMR നിരക്കിനേക്കാൾ കുറവാണെങ്കിൽ പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിക്ക് തീരുമാനിക്കാമെന്നും, ഖണ്ഡിക 7.2.4 പ്രകാരം LMR നിരക്കിനേക്കാൾ കുറവും സാങ്കേതികാനുമതി തുകയേക്കാൾ 10% മുകളിൽ കൂടുതലും ആയാൽ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭരണവകുപ്പിന് തീരുമാനിക്കാമെന്നും ഖണ്ഡിക 7.2.5 പ്രകാരം കരാറുകാരൻ ക്വോട്ട് ചെയ്ത തുക LMR നിരക്കിൽ മുകളിലായ ടെണ്ടറുകൾ സ്വീകരിക്കേണ്ടതില്ലെന്നും എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ LMR നിരക്കിനേക്കാൾ ഉയർന്ന തുകയ്ക്ക് ടെണ്ടറുകൾ മന്ത്രിസഭയുടെ അംഗീകാരത്തോടെ സ്വീകരിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇവിടെ L1 ബിഡറായ ULCCS ക്വാട്ട് ചെയ്ത തുക PAC- യേക്കാൾ 16.81% കൂടുതലും LMR- നേക്കാൾ 3.01% താഴെയുമാണ്.

## തീരുമാനിക്കേണ്ട വിഷയം

വർക്കലയിൽ അരിവാളത്തിനും തൊട്ടിൽപാലത്തിനും ഇടയിലുള്ള കനാൽ തീരത്ത് നടപ്പാതനിർമ്മാണം, കനാൽ സൗന്ദര്യവൽക്കരണം, ലാൻഡ്സ്കേപ്പിംഗ്- ഒന്നാം ഘട്ടം എന്ന പ്രവൃത്തിയ്ക്കായി ലഭ്യമായ ടെണ്ടറുകളിൽ L1 ബിഡ്ഡറായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്വോട്ട് ചെയ്ത PAC യെക്കാൾ 16.81% അധികരിച്ചതും എന്നാൽ LMR നെക്കാൾ 3.01% കുറവ് തുകയായ 24,70,26,796.19/- രൂപയും 18% ജി.എസ്.ടി. ഉൾപ്പെടെ 29,14,91,619/- രൂപയ്ക്ക് ടെൻഡർ സ്വീകരിക്കുന്നതിന് കിഫ്ബി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകാമോ ?